'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-28-01-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ആര്യാട് ബ്ലോക്ക് പഞ്ചായത്ത് - സമുദ്ര/ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പും പഠനോപകരണങ്ങളും വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് - അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.462/2020/LSGD തീയതി,തിരുവനന്തപുരം, 25/02/2020

പരാമർശം:- 1. ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.10.2019-ലെ SRG 904/19/CC -636/19 നമ്പർ കത്ത്

2. 28.01.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.2-ാം നമ്പർ തീരുമാനം

## ഉത്തരവ്

ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സമുദ്ര/ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പും പഠനോപകരണങ്ങളും വാങ്ങി നൽകുന്നതിന് 17,36,000/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കുകയുണ്ടായി. എന്നാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇത്തരം പദ്ധതികൾ നടപ്പാക്കാൻ അനുമതി ഇല്ലാത്തതിനാൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ അംഗീകാരം ലഭ്യമാക്കി അനുമതി നൽകണമെന്ന് പരാമർശം ( 1 ) പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി. 28.01.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗം ഇക്കാര്യം പരിഗണിക്കുകയും ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗ്രാമസഭാ ലിസ്റ്റ് പ്രകാരം വിതരണം ചെയ്യണമെന്ന നിബന്ധനയോടെ അനുമതി നൽകാൻ പരാമർശം ( 2 ) പ്രകാരം തീരുമാനിക്കുകയുമുണ്ടായി.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള സമുദ്ര/ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പും പഠനോപകരണങ്ങളും വാങ്ങി നൽകുന്ന പദ്ധതിയ്ക്ക് (പ്രോ.നം.14/20) ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗ്രാമസഭാ ലിസ്റ്റ് പ്രകാരം ആനുകൂല്യങ്ങൾ വിതരണം ചെയ്യണമെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
UNDER SECRETARY

പകർപ്പ്:പ്രസിഡണ്ട്/സെക്രട്ടറി, ആര്യാട് ബ്ലോക്ക് പഞ്ചായത്ത്,ആലപ്പുഴ

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ&പിആർഡി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 202[illegible] 13:38:23
IST
Reason: Approved
സെക്ഷൻ ഓഫീസർ